# സോഷ്യലിസ്റ്റ് ബദൽ

■ *“സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളുടെ തകർച്ചമൂലം മുതലാളിത്തത്തിന് ബദലായ രാഷ്ട്രീയ ചെറുത്തുനിൽപ് അന്ത്യംകുറിച്ചെന്ന അമേരിക്കയുടെയും സാമ്രാജ്യത്വ രാഷ്ട്രങ്ങളുടെയും ധാരണയെ തിരുത്തി ലോകത്ത് സോഷ്യലിസ്റ്റ് ബദൽ ശക്തിപ്പെട്ടുവരികയാണ്. ലാറ്റിനമേരിക്കയിലും യൂറോപ്യൻ രാഷ്ട്രങ്ങളിലും ക്യൂബൻ മാതൃകയിൽ നിലവിൽവന്ന ഇടതുഭരണകൂടങ്ങൾ സാമ്രാജ്യത്വശക്തികൾക്കെതിരായ ശക്തമായ ചെറുത്തുനിൽപിന് നേതൃത്വം നൽകിവരുന്നു. ഏകധ്രുവലോകത്തെ ആഗോളവത്കരണ കാഴ്ചപ്പാട് മാറി ബഹുധ്രുവലോകമെന്ന സാമ്രാജ്യത്വവിരുദ്ധ ബദൽ ശക്തിപ്പെടുന്നു” (ഡി.വൈ.എഫ്.ഐ സംസ്ഥാന സെക്രട്ടറി പി. ശ്രീരാമകൃഷ്ണൻ, ഗൾഫ് മാധ്യമം 2007 ഫെബ്രുവരി 28).*

*മുതലാളിത്തത്തിന് ബദലായി ആഗോളതലത്തിൽ തന്നെ സോഷ്യലിസത്തെ വീണ്ടും ഇടതുപക്ഷം അവതരിപ്പിക്കുന്നു. മുതലാളിത്തത്തിന് ബദലായി ഇസ്‌ലാമിനെ ഇസ്‌ലാമിക പ്രസ്ഥാനങ്ങളും അവതരിപ്പിക്കുന്നു. സോഷ്യലിസം മിഥ്യയാണെന്നും അത് പ്രായോഗികമല്ലെന്നും ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ ആവർത്തിക്കുമ്പോഴും മുതലാളിത്തത്തിനെതിരെ സോഷ്യലിസ്റ്റ് സംഘടനകളോടൊപ്പം സഹകരിക്കാൻ ഇസ്‌ലാമിക സംഘടനകൾ തയാറാവുന്നു. പക്ഷേ, സോഷ്യലിസ്റ്റ് സംഘടനകൾ ഇസ്‌ലാമിക സംഘടനകളെ അടുപ്പിക്കാൻ തയാറാവുന്നില്ല എന്നുള്ളതല്ലേ അനുഭവം? മുതലാളിത്തത്തിന് ബദൽ അൽപമെങ്കിലും സോഷ്യലിസം തന്നെയല്ലേ?*

***നസീർ പള്ളിക്കൽ, രിയാദ്***

**മു**ക്കാൽ നൂറ്റാണ്ട് കാലം മുതലാളിത്തത്തിന് ബദലാവാൻ സർവശക്തിയും സംഭരിച്ച് പ്രയത്നിച്ച സോഷ്യലിസം ഒടുവിൽ തകർന്നു തരിപ്പണമാവുന്ന കാഴ്ചയാണ് ഇരുപതാംനൂറ്റാണ്ടിന്റെ അന്ത്യദശകത്തിൽ കണ്ടത്. അതിന്റെ ഉത്തരവാദിത്വം മുഴുവൻ സാമ്രാജ്യത്വ-മുതലാളിത്ത ശക്തികളുടെയും സ്വന്തം പാളയത്തിലെ സാമ്രാജ്യത്വ ഏജന്റുമാരുടെയും തലയിൽ വെച്ചുകെട്ടി രക്ഷപ്പെടാനാണ് സോവിയറ്റ് യൂനിയന്റെ പതനത്തിനു ശേഷം സോഷ്യലിസ്റ്റ് താത്ത്വികന്മാരുടെ ശ്രമം. ന്യായീകരണത്തിൽ ഭാഗികമായി ശരിയുണ്ടെങ്കിലും സൈദ്ധാന്തികംതന്നെയാണ് സോഷ്യലിസത്തിന്റെ പതനത്തിന് മുഖ്യ ഹേതു എന്ന് സമ്മതിക്കാതിരുന്നിട്ട് കാര്യമില്ല. മത ധാർമിക മൂല്യങ്ങളെ പാടേ നിരാകരിച്ചുകൊണ്ട് നാസ്തികരും നിഷേധികളുമായി വളർത്തപ്പെട്ട തലമുറകൾ പാർട്ടിയുടെയും സർക്കാറിന്റെയും തലപ്പത്ത് വന്നപ്പോൾ സ്രഷ്ടാവിനോടുള്ള കടപ്പാട് മാത്രമല്ല സമസൃഷ്ടികളോടുള്ള പ്രതിബദ്ധതയും പാടേ മറന്നു. അവർ മുതലാളിത്തജന്യമായ സുഖലോലുപതയിൽ ആറാടി. ഉൽപാദനം ക്ഷയിച്ചു. ചെറുപ്പക്കാർ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും അടിമകളായി. യുവതികൾ മാനം വിറ്റ് ജീവിക്കാൻ തുടങ്ങി. തകർച്ചയിൽനിന്ന് സാമ്രാജ്യത്വം മുതലെടുത്തു. ജനാധിപത്യത്തിന്റെ അഭാവത്തിൽ പുഴുക്കുത്തുകൾ അറിയേണ്ടവരോ ലോകമോ അറിഞ്ഞില്ല. അവസാനം കാൻസർ മൂർഛിച്ചപ്പോൾ ചികിത്സ ഫലിച്ചതുമില്ല. അബദ്ധങ്ങളും പാളിച്ചകളും വസ്തുനിഷ്ഠമായി കണ്ടെത്തി തിരുത്തിയാൽ മാത്രമേ സോഷ്യലിസം ഒരിക്കൽകൂടി മുതലാളിത്തത്തിന് ബദലായി പുനർജനിക്കൂ. അതിനുള്ള ശ്രമങ്ങൾ നടക്കുന്നില്ലെന്നു മാത്രമല്ല സാമ്പത്തിക-സാംസ്കാരിക മേഖലകളിലാകെ മുതലാളിത്തത്തെ സ്വാംശീകരിക്കാനാണ് നീക്കം. ചൈനയിലും പശ്ചിമ ബംഗാളിലുമെല്ലാം അതിന്റെ അലയൊലികളാണ് മുഴങ്ങുന്നത്. ക്യൂബയും വെനിസ്വലയും അമേരിക്കൻ സാമ്രാജ്യത്വത്തെ ധീരമായി ചെറുക്കുന്നു എന്നത് വാസ്തവമാണ്. പക്ഷേ, ആഭ്യന്തരമായി ഈ രാജ്യങ്ങളുടെ സ്ഥിതിയും ദയനീയമാണ്. അതിനാൽ ചെറുത്തുനിൽപ് ഏതു നിമിഷവും ദുർബലമാവും.

ആധുനിക യുഗത്തിൽ ഒരിടത്തും ഇസ്‌ലാം ഒരു മൂന്നാം ബദൽശക്തിയായി ആധിപത്യം നേടിയിട്ടില്ല. സാമ്രാജ്യത്വത്തിന്റെ പാദസേവകരോ ഇസ്‌ലാമിനെ അരാഷ്ട്രീയവത്കരിച്ചവരോ ആയ ഭരണാധികാരികളുടെ പിടിയിലാണ് മുസ്‌ലിംലോകം. ആ നാടുകളിൽ ഇസ്‌ലാമിക ബദലുമായി രംഗപ്രവേശം ചെയ്ത പ്രസ്ഥാനങ്ങൾ കടുത്ത അടിച്ചമർത്തൽ നടപടികളെയാണ് നേരിടുന്നത്. ഈജിപ്തിലെ ഏറ്റവും ശക്തമായ ഇസ്‌ലാമിക ബഹുജന പ്രസ്ഥാനമായ മുസ്‌ലിം ബ്രദർ ഹുഡിനെ ഉന്മൂലനം ചെയ്യാനാണ് പ്രസിഡന്റ് ഹുസ്നി മുബാറക്കിന്റെ നീക്കം. പാകിസ്താനിൽ സൈനിക ഭരണാധികാരി പർവേസ് മുശർറഫും സാധ്യമായത്ര അതുതന്നെ ചെയ്യുന്നു. ഫലസ്ത്വീനിൽ ഹമാസ് അതുല്യ വിജയം കൈവരിച്ചിട്ടും അട്ടിമറി ഭീഷണി നേരിടുന്നു. ഇതിനിടയിൽ ഒരു പ്രായോഗിക ഇസ്‌ലാമിക ബദൽ അവതരിപ്പിക്കുക എളുപ്പമല്ല. അതേസമയം, സർവശക്തനായ ദൈവത്തിന്റെ പരമാധികാരത്തിനു കീഴിൽ മാനവിക പ്രാതിനിധ്യവും സാമൂഹികനീതിയും ഉറപ്പാക്കുന്ന, വ്യക്തിസംസ്കരണത്തിൽ ഊന്നുന്ന ഇസ്‌ലാമിന് മാത്രമേ യഥാർഥ ബദലാവാൻ കഴിയൂ എന്നുള്ളത് അവിതർക്കിതമാണ്. സാമ്രാജ്യത്വം എന്ന മുഖ്യശത്രുവിനെ നേരിടാൻ ഇടതുപക്ഷത്തോട് കൈകോർക്കുമ്പോഴും ഈ സത്യം ഉദ്ഘോഷിക്കാതിരിക്കാൻ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്കാവില്ല.

## മദീനാ മസ്ജിദിലെ വിശേഷങ്ങൾ

■ *‘പള്ളിയിലെത്തിയ മുതവല്ലിക്ക് ജമാഅത്ത്, സോളിഡാരിറ്റി പ്രവർത്തകരുടെ മർദനം’ - സുഊദിയിൽനിന്ന് പുറത്തിറങ്ങുന്ന മലയാളം ന്യൂസ് പത്രത്തിൽ (10.03.’07) ഈ തലക്കെട്ടിൽ ഒരു വാർത്തയുണ്ട്. വാർത്ത ഇങ്ങനെ സംഗ്രഹിക്കാം: ‘എറണാകുളം പുല്ലേപ്പടി മദീനാ മസ്ജിദിലെ ഇമാമായ ബശീർ മുഹ്‌യിദ്ദീനെ മാറ്റാൻ പള്ളി നടത്തിപ്പുകാരായ കൊച്ചിൻ ഇസ്‌ലാമിക് ട്രസ്റ്റ് ഐക്യകണ്ഠേന തീരുമാനിച്ചിരുന്നു. ജമാഅത്ത്, സോളിഡാരിറ്റി പ്രവർത്തകരുടെ എതിർപ്പ് കാരണം ട്രസ്റ്റ് തീരുമാനം നടപ്പാക്കാൻ ഹാശിം ഹാജി (മുതവല്ലി) ഹൈക്കോടതിയെ സമീപിച്ചിരുന്നു. ട്രസ്റ്റ്‌വിധി അന്തിമമാണെന്നും നടപ്പാക്കണമെന്നും, ഹാശിം ഹാജിയുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകണമെന്നും ഹൈക്കോടതി വിധിച്ചു. ഇതു പ്രകാരം ജുമുഅക്ക് മുമ്പായി പള്ളിയിലെത്തിയ ഹാശിം ഹാജിയെയും ട്രസ്റ്റ് മെമ്പർ പി.എ യൂസുഫ്, പുതിയ ഇമാം അബ്ദുസ്സത്താർ മൗലവി തുടങ്ങിയവരെയും, ജുമുഅക്കെത്തിയ വിശ്വാസികളുടെയും ഹാശിം ഹാജിയുടെ സംരക്ഷണത്തിനെത്തിയ പോലീസിന്റെയും മാധ്യമ പ്രവർത്തകരുടെയും മധ്യത്തിൽ വെച്ച് ജമാഅത്ത്-സോളിഡാരിറ്റി പ്രവർത്തകർ അതിക്രൂരമായി മർദിച്ച് പള്ളിയിൽനിന്ന് പുറത്തേക്ക് തള്ളുകയായിരുന്നു. അക്രമത്തിൽ ഫോട്ടോഗ്രാഫർക്ക് പരിക്കേറ്റു. അദ്ദേഹത്തിന്റെ ഒന്നര ലക്ഷത്തോളം വിലവരുന്ന ക്യാമറ അക്രമികൾ നശിപ്പിച്ചു. മർദനമേറ്റവരെ ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. പോലീസ് നോക്കി നിൽക്കുകയാ*

*യിരുന്നെന്ന് ഹാശിം ഹാജി കുറ്റപ്പെടുത്തുകയും പള്ളിക്കുള്ളിലായതിനാലാണ് ഇടപെടാതിരുന്നതെന്ന് പോലീസ് അറിയിക്കുകയും ചെയ്തിട്ടുണ്ട്. മുൻ ഇമാം ബശീർ മുഹ്‌യിദ്ദീന്റെ നേതൃത്വത്തിലാണ് അക്രമം നടത്തിയത്.' സത്യാവസ്ഥ എന്താണ്?*

***അബ്ദുൽ ഹമീദ് കൂട്ടിലങ്ങാടി***
***റിയാദ്***

**22** വർഷം മുമ്പ് കൊച്ചിൻ ഇസ്‌ലാമിക് ട്രസ്റ്റ് സ്ഥാപിച്ചതാണ് എറണാകുളത്തെ മദീനാ മസ്ജിദ്. ട്രസ്റ്റ് ചെയർമാൻ അന്ന് ജമാഅത്തെ ഇസ്‌ലാമിയുമായി സഹകരിച്ചാണ് പ്രവർത്തിച്ചിരുന്നത്. ട്രസ്റ്റിൽ പ്രഫ. കെ.എ സിദ്ദീഖ് ഹസൻ, വി.എം അലി (ട്രസ്റ്റ് സെക്രട്ടറി), കെ.യു ഹംസ തുടങ്ങിയ ജമാഅത്ത് പ്രവർത്തകർ അംഗങ്ങളായിരുന്നു, അവർ ഇപ്പോഴും തുടരുന്നുമുണ്ട്. ജമാഅത്ത് ഒഴികെയുള്ള ഒരു സംഘടനയും ട്രസ്റ്റിന്റെയോ പള്ളിയുടെയോ മേൽ ഒരവകാശവാദവും ഇന്നേവരെ ഉന്നയിച്ചിട്ടില്ല. തുടക്കം മുതൽ ഇതുവരെ ട്രസ്റ്റ് നിശ്ചയിച്ച ജമാഅത്തുകാരായ പണ്ഡിതന്മാരാണ് ജുമുഅ ഖുത്ബയും ഇമാമത്തും നിർവഹിച്ചുവന്നിട്ടുള്ളത്. പരേതനായ കെ. മൊയ്തു മൗലവിയുടെ മകൻ ബശീർ മുഹ്‌യിദ്ദീനാണ് 12 വർഷമായി പള്ളിയിലെ ഇമാമും ഖതീബും. ട്രസ്റ്റ് ഏകകണ്ഠമായി അദ്ദേഹത്തെ നീക്കം ചെയ്യാൻ തീരുമാനിച്ചു എന്ന വാദം തീർത്തും അവാസ്തവമാണ്. ജമാഅത്തുകാരും അല്ലാത്തവരുമായ പല ട്രസ്റ്റംഗങ്ങൾക്കും ബശീറിനെ മാറ്റണമെന്ന അഭിപ്രായം ഇല്ല. അദ്ദേഹത്തെ നീക്കം ചെയ്യണമെന്ന് ഒരു കോടതിയും വിധിച്ചിട്ടുമില്ല. ഇതു സംബന്ധിച്ച കേസ് എറണാകുളത്തെ ഒരു കോടതിയിൽ നടക്കുന്നേയുള്ളൂ. കോടതി ബശീർ മുഹ്‌യിദ്ദീനെ നീക്കാൻ ഇടക്കാല ഉത്തരവ് പോലും നൽകിയിട്ടുമില്ല. ഇതെഴുതുന്നതുവരെയും ബശീർ തന്നെയാണ് ജുമുഅക്ക് നേതൃത്വം നൽകിയിട്ടുള്ളത്. അതിനിടെ ജമാഅത്തുമായി പിണങ്ങിയ ട്രസ്റ്റ് ചെയർമാൻ ഏകപക്ഷീയമായി തന്റെ ഇഷ്ടാനിഷ്ടങ്ങൾ പള്ളിയിൽ നടപ്പാക്കാൻ ശ്രമിച്ചതാണ് ഇപ്പോഴത്തെ പ്രശ്നങ്ങൾക്കാധാരം. പള്ളി അല്ലാഹുവിന്റേതാണ്. അത് ആരുടെയും സ്വകാര്യ സ്വത്തല്ല, ആവാനും പാടില്ല. പള്ളി ഭരിക്കാൻ നിയമാനുസൃതമായ ട്രസ്റ്റുണ്ട്. ട്രസ്റ്റിൽ തർക്കം ഉണ്ടായാൽ പരിഹാരത്തിന് രമ്യമായ മാർഗങ്ങൾ തേടണം. ഫലിച്ചില്ലെങ്കിൽ നിയമപരമായ വഴികളുമുണ്ട്. നിയമത്തെ മാനിക്കാതെ ആര് തന്നിഷ്ടം നടപ്പാക്കാൻ പോയാലും അത് ന്യായമല്ല. ട്രസ്റ്റ് ചെയർമാന് തന്റെ അവകാശവാദങ്ങൾ കോടതി മുമ്പാകെ തെളിയിക്കാൻ ശ്രമിക്കാം. വിധി അനുകൂലമായാൽ നടപ്പാക്കുകയും ചെയ്യാം. നിയമവാഴ്ചയിൽ വിശ്വസിക്കുന്ന സംഘടനയാണ് ജമാഅത്തെ ഇസ്‌ലാമി. അത് ആരുടെയും പള്ളിയോ മദ്റസയോ പിടിച്ചെടുത്ത ചരിത്രമില്ല; കൈയേറ്റമോ ബലപ്രയോഗമോ അതിന്റെ അജണ്ടയുമല്ല. എറണാകുളത്തെ മദീനാ മസ്ജിദിലും ഇതിന് വിപരീതമായ മാർഗം ജമാഅത്ത് സ്വീകരിച്ചിട്ടില്ല. ട്രസ്റ്റ് ചെയർമാനെ കൈയേറ്റം ചെയ്തുവെന്ന ആരോപണം ഉത്തരവാദപ്പെട്ടവർ തീർത്തും നിഷേധിക്കുന്നു. ക്യാമറാമാൻ ജുമുഅക്കു മുമ്പ് തന്റെ ഉപകരണവുമായി പള്ളിയിൽ എന്തിനു വന്നു എന്നന്വേഷിച്ചാൽതന്നെ അഴിയുന്നതാണ് മുൻകൂട്ടി ആസൂത്രണം ചെയ്ത നാടകത്തിന്റെ ചുരുൾ. അബ്ദുസ്സത്താർ മൗലവി എന്ന ഒരാൾ പൊടുന്നനെ പള്ളിയിൽ അവതരിച്ച സാഹചര്യവും ദുരൂഹമാണ്. കിട്ടുന്ന ഏതു വടി കൊണ്ടും ജമാഅത്തെ ഇസ്‌ലാമിയെ അടിക്കാൻ നോമ്പ് നോറ്റിരിക്കുന്ന ചില പത്രങ്ങൾ ഒരേ ഉറവിടത്തിൽനിന്ന് മെനഞ്ഞെടുത്ത വ്യാജറിപ്പോർട്ടുകൾ നിരന്തരം പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്നതാണ് ചിലർക്ക് ആശയക്കുഴപ്പത്തിന് കാരണം. ആ പത്രങ്ങളുടെയും അവയുടെ നടത്തിപ്പുകാരുടെയും പശ്ചാത്തലം പരിശോധിച്ചാൽ സംശയങ്ങൾക്ക് പ്രസക്തിയില്ല. പള്ളിയിലെ ഖുത്ബ ഒരേ സംഘടനക്ക് മാത്രമായി നൽകാതെ സുന്നി, മുജാഹിദ്, തബ്‌ലീഗ് സംഘടനകൾക്കായി പകുത്തു നൽകാനാണ് ട്രസ്റ്റ് ചെയർമാന്റെ പരിപാടി എന്നാണ് പുതിയ നമ്പർ. എന്നുവെച്ചാൽ സുന്നി ഇ.കെ, എ.പി വിഭാഗങ്ങൾക്ക് അറബിയിൽ ഖുത്ബ നടത്താനും നമസ്കാരാനന്തരം കൂട്ടുപ്രാർഥനക്കും മാറിമാറി അവസരം നൽകും എന്നാണോ? മുജാഹിദ് ഗ്രൂപ്പുകൾക്കും അത് സ്വീകാര്യമാവുമോ? പള്ളികൾ അല്ലാഹുവിനുള്ളതാണ്. അവയെ വ്യക്തിതാൽപര്യങ്ങൾക്ക് ഉപകരണമാക്കാതിരിക്കാനുള്ള സന്മനസ്സാണ് വിശ്വാസികൾക്കുണ്ടാവേണ്ടത്.

## കാന്തപുരത്തിന്റെ ആൾദൈവ വീക്ഷണം

■ *"യഥാർഥ മതവിശ്വാസത്തിൽ അധിഷ്ഠിതമായ സംസ്കരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന സയ്യിദുമാരെയും മറ്റും ആൾദൈവങ്ങളുടെ പട്ടികയിൽ പെടുത്തി മൂലക്കിരുത്താനുള്ള പ്രവണത കാണാതിരുന്നുകൂടാ. ഇസ്‌ലാം മതത്തിൽ പ്രവാചകന്മാർ, പണ്ഡിതന്മാർ, മതനേതാക്കൾ, പ്രവാചക കുടുംബം (തങ്ങൾ) തുടങ്ങിയവർ ആദരവ് അർഹിക്കുന്നുണ്ട്. സമൂഹം ഈ ആദരവ് വിവിധ പ്രകാരങ്ങളിൽ കാലങ്ങളായി പ്രകടിപ്പിച്ചുവരുന്നുണ്ട്. ഇതിനെ വികലമായി വീക്ഷിക്കുന്നതും പ്രവാചകകീർത്തന സദസ്സുകളെയും പ്രാർഥനാവേദികളെയും ആൾദൈവസംസ്കാരത്തിന്റെ പട്ടികയിൽ പെടുത്തുന്നതും യഥാർഥ ചൂഷകർക്ക് ഗുണമേ ചെയ്യൂ.*

*....... ഒരാളെ ആദരിക്കുന്നത്, സ്നേഹിക്കുന്നത്, അനുയായിയാവുന്നത്, കൈ ചുംബിക്കുന്നത്, ഉപയോഗിച്ച സാധനങ്ങൾ ഇഷ്ടപ്പെടുന്നത്, പുണ്യം ആഗ്രഹിക്കുന്നത്, പ്രാർഥിക്കുന്നത്, പുകഴ്ത്തി പറയുന്നത്, നന്മകൾ എഴുതുന്നത് എല്ലാം അയാൾ വെറും മനുഷ്യൻ, പടച്ചവന്റെ അടിമ, നന്മ കൊണ്ടോ നിയോഗം കൊണ്ടോ മാത്രം പ്രാമാണികമായി യോഗ്യൻ എന്ന അടിസ്ഥാനത്തിൽനിന്നുകൊണ്ടാണെങ്കിൽ അതിലെന്ത് തെറ്റ്? പടച്ചവൻ സർവശക്തൻ, എല്ലാ കഴിവുകൾക്കും ഉടമ, അവൻ വിതരണം ചെയ്യുന്നതു മാത്രം സൃഷ്ടികൾക്ക് എന്ന വിശ്വാസത്തിലൂന്നിക്കൊണ്ടുള്ള ആദരവ് ആൾദൈവ സംസ്കാരത്തിനെതിരെ വിശ്വാസികളുടെ പ്രതിരോധനിര സൃഷ്ടിക്കലാണ്. ഈ കാഴ്ചപ്പാടിലുള്ള ആദരവ് എത്ര ഉയർന്നാലും ആരാധനയോ ആൾദൈവനിർമിതിയോ ആകുന്നില്ല."*

*കാന്തപുരം അബൂബക്കർ മുസ്‌ലിയാർ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ(2007 ഫെബ്രുവരി 18) എഴുതിയ 'ആൾദൈവ സംസ്കാരം ഇസ്‌ലാമിക വീക്ഷണത്തിൽ' എന്ന ലേഖനത്തിൽനിന്ന്. മുജീബ് എങ്ങനെ വിലയിരുത്തുന്നു?*

***അബൂ ബിലാൽ വടകര***

'**ആ**ദമിന്റെ സന്തതികളെ നാം ആദരിച്ചിരിക്കുന്നു' എന്ന് വിശുദ്ധ ഖുർആനിൽ അല്ലാഹു വ്യക്തമാക്കിയിരിക്കെ മനുഷ്യരായ എല്ലാവരും ആദരവിന് അർഹരാണ്. ആരെയും അനാദരിക്കുന്ന വാക്കോ പ്രവൃത്തിയോ ഇസ്‌ലാം അനുവദിക്കുന്നില്ല. മനുഷ്യരിൽ പ്രവാചകന്മാരോ സജ്ജനങ്ങളോ സത്യസന്ധരോ രക്തസാക്ഷികളോ ആയ ആളുകൾ അല്ലാഹു പ്രത്യേകം അനുഗ്രഹിച്ചവരാണ്. നബികുടുംബത്തെയും അല്ലാഹു ആദരിച്ചിരിക്കുന്നു; പ്രവാചകശിഷ്യന്മാരും ആ പട്ടികയിലുണ്ട്. അവരെയൊക്കെ കൂടുതൽ സ്നേഹിക്കുകയും ബഹുമാനിക്കുകയും വേണം. എന്നാൽ ഒരാദരവും അതിരുകവിയാൻ പാടില്ല. അതിരുവിട്ട ആദരവാണ് ആരാധനയിലെത്തുന്നത്. വ്യക്തിപൂജ ഇസ്‌ലാം പാടേ വിലക്കിയിരിക്കുന്നു. ഞാൻ നിങ്ങളെപ്പോലെ ഒരു മനുഷ്യൻ മാത്രമാണെന്നും എന്നെ വഴിവിട്ട് ബഹുമാനിക്കരുതെന്നും എന്റെ ഖബ്റിടം ആരാധനാലയമാക്കരുതെന്നും നബി(സ) ഉണർത്തിയത് ശ്രദ്ധേയമാണ്. അതിനാൽ 'നീയില്ലെങ്കിൽ ഞാൻ പ്രപഞ്ചം സൃഷ്ടിക്കുമായിരുന്നില്ല' എന്ന് അല്ലാഹു നബി(സ)യോട് പറഞ്ഞതായുള്ള വ്യാജവചനങ്ങളും 'ഒളി'വാലാണ് നബിയെ പടച്ചതെ

ന്ന കെട്ടുകഥയും അതൊക്കെ ചേർത്തുണ്ടാക്കിയ മാല മൗലിദുകളും പ്രവാചക സ്നേഹമല്ല, നിഷിദ്ധമായ വ്യക്തിപൂജയുടെ പ്രകടനങ്ങളാണ്. സൃഷ്ടിശ്രേഷ്ഠനായ പ്രവാചകനേക്കാൾ താഴെയുള്ളവർക്ക് ഔലിയാപട്ടം പതിച്ചുനൽകി അല്ലാഹുവിന്റെ അധികാരാവകാശങ്ങൾ പോലും അവരിൽ ആരോപിക്കുന്നതും അവരുടെ പേരിൽ ശവ കുടീരങ്ങൾ പണിയുന്നതും അവരെ വിളിച്ചുപ്രാർഥിക്കുന്നതും അവരുടെ പേരിൽ വെള്ളം മന്ത്രിച്ച് കുപ്പിയിലാക്കി വിൽക്കുന്നതുമൊക്കെ ഒരേയവസരത്തിൽ മഹാപാപ മായ ശിർക്കും വിശ്വാസചൂഷണവുമാണ്. ഇത്തരം ചെയ്തികളെക്കുറിച്ച് തന്റെ നില പാട് എന്താണ് എന്നാണ് കാന്തപുരം മുസ്‌ലിയാർ വിശദീകരിക്കേണ്ടിയിരുന്നത്. ഏർവാ ടിയിലേക്കും അജ്മീറിലേക്കും മറ്റുമുള്ള തീർഥയാത്രകൾ ഏതു പട്ടികയിൽ വരും എന്നും അദ്ദേഹം വ്യക്തമാക്കേണ്ടിയിരുന്നു. വാചകക്കസർത്തുകളിലൂടെ നിലപാടു കളുടെ ദൗർബല്യം മറച്ചുവെക്കുന്നത് ആളറിയും.

## വായനയില്ലാത്ത നേതൃത്വം

■ *"വായന ഇല്ലാത്തവരുടെ നേതൃത്വമാണ് കേരളത്തിലെ രാഷ്ട്രീയ യുവജന സംഘട നകൾ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയെന്ന് യൂത്ത് ലീഗ് മുൻ കോഴിക്കോട് ജില്ലാ പ്രസിഡന്റും മുസ്‌ലിം ലീഗ് ജില്ലാ പ്രവർത്തക സമിതിയംഗവുമായ നാസർ എസ്റ്റേറ്റ്മുക്ക് അഭിപ്രായപ്പെട്ടു."*

*"രാഷ്ട്രീയ ചേരിയിലുള്ള എല്ലാ യുവജന സംഘടനകളും സമാനമായ അവസ്ഥയിലാ ണുള്ളത്. തീരെ വായന ഇല്ലാത്ത നേതാക്കളാണ് കൂടുതലും. കാലിക പ്രശ്നങ്ങളു മായി സംവദിക്കാൻ ഇവർക്കാവുന്നില്ല. അതിനുള്ള അറിവും വിചാരവും ചിന്തയും ഇവർക്ക് സ്വായത്തമാക്കാൻ കഴിയുന്നില്ല. കേവലം ഉപരിപ്ലവമായ പ്രകടനങ്ങളായി രാഷ്ട്രീയ യുവജന സംഘടനകളുടേത് മാറുമ്പോൾ കക്ഷിരാഷ്ട്രീയമില്ലാത്ത ചില യുവജന സംഘടനകൾ ഇക്കാര്യത്തിൽ മുന്നേറ്റം നടത്തുകയാണ്. രാഷ്ട്രീയ സംഘടന കൾ ഏറ്റെടുക്കേണ്ട ജീവൽഗന്ധിയായ വിഷയങ്ങൾ പോലും ഇപ്പോൾ അത്തരം സംഘടനകളാണ് ഏറ്റെടുക്കുന്നത്. അവരുടെ നേതൃത്വമാകട്ടെ തികഞ്ഞ അറിവും പക്വ മതിത്വവും ഈ വിഷയങ്ങളിൽ പ്രകടിപ്പിക്കുകയും ചെയ്യുന്നു. ഇടത്, വലത് യുവജന സംഘടനകൾ പേരിൽ മാത്രം മാറുന്ന അവസ്ഥയാണുള്ളത്"*

*"വർഗീയ തീവ്രവാദ സംഘടനകളെന്ന് വിളിക്കാവുന്ന ചില സംഘടനകളുടെ നേതൃത്വം പുലർത്തുന്ന പക്വമതിത്വവും സമകാലിക വിഷയങ്ങളിലെ അറിവും പോലും തങ്ങൾക്കാർജിക്കാൻ കഴിയുന്നില്ല എന്ന് കേരളത്തിലെ ഏറ്റവും വലിയ വിപ്ലവ യുവജന സംഘടനയുടെ നേതാവിനെക്കൊണ്ട് പറയിക്കുന്ന അവസ്ഥയാണ് കാര്യങ്ങളെന്നും നാസർ ചൂണ്ടിക്കാട്ടി" (ഗൾഫ് മാധ്യമം 2007 മാർച്ച് 6). മുജീബ് എന്തു പറയുന്നു?*

***അബ്ദുൽ ഹമീദ്, രിയാദ്***

**നോ** കമന്റ്